**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 770 — 05.02.2020-ൽ മറുപടിക്ക്

## ആനക്കയം പട്ടികവർഗ്ഗ കോളനി നിവാസികളുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | 2018 - ലെ പ്രളയത്തിൽ ഉരുൾ പൊട്ടലിനെ തുടർന്ന് ഊരുവിട്ട് മാറിത്താമസിക്കുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ ആനക്കയം പട്ടിക വർഗ്ഗ കോളനി നിവാസികളുടെ പുനരധിവാസ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇതിനായി പ്രത്യേക പാക്കേജ് അനുവദിക്കുമോ; | എ) | 2018-ലെ പ്രളയത്തിൽ ഉരുൾപൊട്ടലിനെ തുടർന്ന് ഊരുവിട്ട് മാറി താമസിക്കുന്ന അതിരപ്പള്ളി പഞ്ചായത്തിലെ ആനക്കയം പട്ടികവർഗ്ഗ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് വനം വകുപ്പമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആനക്കയം കോളനിയിലുണ്ടായിരുന്ന ഇവരുടെ ഭൂമിക്ക് തുല്യമായ അളവിൽ വനം വകുപ്പിൽ നിന്ന് ഭൂമി ലഭിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| ബി) | മുൻപ് അംബേദ്കർ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആനക്കയം കോളനിക്ക് അനുവദിച്ച ഒരു കോടി രൂപയിൽ ചെലവഴിച്ചത് കഴിച്ച് ബാക്കി തുക അതേ പഞ്ചായത്തിലെ വാച്ചുമരം കോളനിക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ? | ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി ഓരോ വർഷവും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കോളനികൾ തെരഞ്ഞെടുക്കുന്നത്. ആയതിനാൽ ആനക്കയം കോളനിക്ക് അനുവദിച്ച 1 കോടി രൂപയിൽ ചെലവഴിച്ചത് കഴിച്ച് ബാക്കി തുക മറ്റൊരു കോളനിക്ക് മാറ്റി അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |

**സെക്ഷൻ ഓഫീസർ**